**പോലീസ് സ്റ്റേഷൻ: പത്തനാപുരം** **തീയതി : 25.12.2021**

## കോടികൾ വിലമതിക്കുന്ന ഹാഷിഷ് ഓയിലുമായി ആന്ധ്രാ സ്വദേശികളായ രണ്ടു യുവാക്കൾ അറസ്റ്റിൽ.




പത്തനാപുരം: കോടികൾ വില വരുന്ന ഹാഷിഷ് ഓയിലുമായി ആന്ധ്രാ സ്വദേശികളായ രണ്ടു പേരെ കൊല്ലം റൂറൽ ഡാൻസാഫ് ടീമും പത്തനാപുരം പോലീസും ചേർന്ന് പിടികൂടി. ആന്ധ്രാപ്രദേശ് വിശാഖപട്ടണം സ്വദേശികളായ 24 വയസുള്ള രാമു, 27 വയസ്സുള്ള മുരല്ല ശ്രാവൺ കുമാർ എന്നിവരാണ് പോലീസ് പിടിയിലായത്. ഇവരിൽനിന്നും 965 ഗ്രാം ഹാഷിഷ് ഓയിൽ കണ്ടെടുത്തു. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലകളിലെ മൊത്തകച്ചവടക്കാർക്ക് വൻതോതിൽ ലഹരിവസ്തുക്കൾ എത്തിച്ചുകൊടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാഹന പരിശോധനയിലാണ് പ്രതികളെ പിടികൂടിയത്. വിശാഖപട്ടണത്തിലെ ലഹരിമാഫിയ സംഘത്തിലെ പ്രധാനിയാണ് രാമു. ഹാഷിഷ് ഓയിൽ പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞു ബാഗിൽ സൂക്ഷിക്കുകയായിരുന്നു. ആന്ധ്രയിൽ നിന്ന് കായംകുളത്ത് ട്രെയിൻ ഇറങ്ങിയ ഇവർ അവിടെ നിന്ന് ഓട്ടോറിക്ഷയിലാണ് പത്തനാപുരത്തെത്തിയത്.

കഞ്ചാവിൽ നിന്നും വാറ്റിയെടുക്കുന്ന മാരക ലഹരിമരുന്നാണ് ഹാഷിഷ് ഓയിൽ . ഇതിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥമായ 'കന്നാബിനോയിഡ്സ്' മനുഷ്യരിൽ മാരകമായ ലഹരി ഉളവാക്കുകയും സ്വബോധം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. കഞ്ചാവിനേക്കാൾ അഞ്ചിരട്ടിയോളം ലഹരിയേറിയ ഇതിന്റെ തുടർച്ചയായ ഉപയോഗം മൂലം മരണം വരെ സംഭവിക്കാം. ഒരു കിലോ വരെ ഹാഷിഷ് ഓയിൽ കൈവശം വയ്ക്കുന്നത് NDPS നിയമ പ്രകാരം 10 വർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

ബഹു. സംസ്ഥാന പോലീസ് മേധാവിയുടെ 'ഓപ്പറേഷൻ കാവൽ', ബഹു. തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി യുടെ 'ഓപ്പറേഷൻ ട്രോജൻ' തുടങ്ങിയ പദ്ധതികൾ പ്രകാരം റൂറൽ ജില്ലയിലുടനീളം നടത്തിവരുന്ന പരിശോധനകളുടെ ഭാഗമായാണ് പ്രതികൾ പിടിയിലായത്. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ.ബി രവി ഐ.പി.എസ് ന്റെ നേതൃത്വത്തിലുള്ള ഡാൻസാഫ് ടീം അംഗങ്ങളായ ഡി വൈ എസ് പി ആർ. അശോക് കുമാർ, ഡാൻസാഫ് എസ്.ഐ ബിജു പി. കോശി, ശിവശങ്കരപിള്ള, അനിൽകുമാർ, അജയ കുമാർ, രാധാകൃഷ്ണപിള്ള, പത്തനാപുരം എസ്.എച്ച്.ഒ എസ്. ജയകൃഷ്ണൻ എസ്.ഐ മാരായ രവീന്ദ്രൻനായർ, മധുസൂദനൻ പിള്ള, രാജേഷ്, എ.എസ്.ഐ മാരായ ബിജു ജി എസ് നായർ, സഞ്ജീവ് മാത്യു , സി.പി.ഓ മാരായ

റിയാസ്, രഞ്ജിത്, ഹരിലാൽ, ഗിരീഷ്, ശബരീഷ്, ഹോം ഗാർഡ് പ്രദീപ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.

ഒരു മാസം മുൻപ് കൊല്ലം ജില്ലാ അതിർത്തിയായ ആര്യങ്കാവിലൂടെ കടത്തി കൊണ്ട് വന്ന 65 കിലോയോളം കഞ്ചാവ് കൊല്ലം റൂറൽ ഡാൻസഫ് ടീം പിടിച്ചെടുത്തിരുന്നു. പുതുവത്സരം പ്രമാണിച്ചു വൻതോതിൽ ലഹരി വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കടത്താൻ സാധ്യതയുള്ളതിനാൽ ഇത്തരത്തിലുള്ള വ്യാപകമായ റെയ്ഡ് തുടരുമെന്ന് ജില്ലാ പോലീസ് മേധാവി ശ്രീ. കെ. ബി രവി ഐ.പി.എസ് അറിയിച്ചു.